**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1169** **02-02-2026 - ൽ മറുപടിയ്ക്ക്**

**കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. എച്ച്. സലാം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അധിക മത്സ്യലഭ്യതയ്ക്കായി കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | 2022-23 സാമ്പത്തിക വർഷം “കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള സംസ്ഥാനത്തിന്റെ സുസ്ഥിര മത്സ്യബന്ധന വികസനവും ഉപജീവന മാർഗ്ഗം പ്രോത്സാഹിപ്പിക്കലും” എന്ന പദ്ധതിക്ക് 13.02 കോടി രൂപയുടെ അംഗീകാരം നൽകിയിരുന്നു. പദ്ധതി പ്രകാരം 6,300 കൃത്രിമപ്പാരുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുത്ത 42 മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ ആകെ 6300 കൃത്രിമപ്പാരുകൾ നിക്ഷേപിക്കുകയും ചെയ്തു. കൂടാതെ 2025 വർഷത്തിൽ ആറ് ജില്ലകളിലെ തെരഞ്ഞെടുത്ത 9 മത്സ്യഗ്രാമങ്ങളിൽ 31 ലക്ഷം രൂപ വീതം ചെലവിട്ടു കൃത്രിമ പാര് നിക്ഷേപിച്ചിട്ടുണ്ട്. “കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള തീരത്ത് സുസ്ഥിര മത്സ്യബന്ധനവും ഉപജീവന മാർഗ്ഗങ്ങളുടെയും വർധിപ്പിക്കൽ രണ്ടാം ഘട്ടം” എന്ന പദ്ധതി കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 96 മത്സ്യഗ്രാമങ്ങളിലായി നടപ്പാക്കുന്നതിന് 29.76 കോടി രൂപയുടെ പ്രൊപോസൽ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തതോടെ നടപ്പാകാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ 60% തുകയായ 17.856 കോടി രൂപ കേന്ദ്ര വിഹിതവും 40% തുകയായ 11.904 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാൽ ഉടൻ തന്നെ പദ്ധതി നടപ്പിലാക്കുന്നതാണ്. |
| (ബി) | ഏതൊക്കെ ജില്ലകളിലെ മത്സ്യബന്ധന കേന്ദ്രങ്ങളിലാണ് കൃത്രിമ പാര് നിക്ഷേപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | രണ്ടാം ഘട്ട പദ്ധതി കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 96 മത്സ്യഗ്രമാങ്ങളിലായി നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | മുൻകാലങ്ങളിൽ നിക്ഷേപിച്ച കൃത്രിമ പാര് മുഖേന മത്സ്യ ലഭ്യതയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | കൃത്രിമ പാര് നിക്ഷേപിച്ചിട്ടുള്ള മത്സ്യബന്ധന ഗ്രാമങ്ങളുടെയും സമീപ ഗ്രാമങ്ങളുടെയും തീരത്ത് നിക്ഷേപത്തിന് ശേഷം നടത്തിയ പഠനങ്ങൾ പ്രകാരം തീരദേശ മത്സ്യസമ്പത്ത് ഗണ്യമായ അളവിൽ പുനരുജ്ജീവിപ്പിച്ചതായി തെളിഞ്ഞിട്ടുണ്ട്. പദ്ധതികൾ പൂർത്തീകരിച്ച് ഒരു വർഷത്തിനുശേഷം 'Under water Study' നടത്തുകയും പ്രസ്തുത പ്രദേശത്ത് ചെറുതും വലുതുമായ ചൂര, പാര, വേളാവ്, ബാരക്കുട, കാരൽ, അയല, കണവ, കൂന്തൽ തുടങ്ങിയ മത്സ്യയിനങ്ങൾ കൂടുതലായി കാണപ്പെട്ടു. ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾ മത്സ്യസമ്പത്ത് വർദ്ധിച്ചതായി അഭിപ്രായപ്പെട്ടിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിൽ നിക്ഷേപിച്ച കൃത്രിമപ്പാരുകളിൽ 6 മാസങ്ങൾക്ക് ശേഷം Diving and ROV (Remotely Operated Vehicle) ഉപയോഗിച്ച് നടത്തിയ underwater Videography യുടെയും photography യുടെയും അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ 2 മുതൽ 20 km ദൂരത്തിനുള്ളിൽ 42 മത്സ്യഗ്രാമങ്ങളിലായി 20 മുതൽ 57 മീറ്ററിനുള്ളിൽ കൃത്രിമപ്പാരുകളുടെ സമീപത്തായി Red snapper, Emperor fish, Angel fish, Black pomfret, Nigger Trigger Fish, Hamour fish, Trevally തുടങ്ങിയ മത്സ്യങ്ങളെ കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ